# K.A.L.A.M ALP SCHOOL

# ACADEMIC MASTER PLAN



2025 - 2026

## ആമുഖം

1995 ജൂലൈ മാസത്തിൽ അരീക്കോട് ഗ്രാമപഞ്ചായത്തിലെ വെള്ളേരിയിൽ(ഇന്നത്തെ 15-ാം വാർഡ്) പ്രവർത്തനമാരംഭിച്ചതാണ്. K-A-L-A-M ALP സ്കൂൾ. കേന്ദ്രഗവൺമെന്റ് നടപ്പിലാക്കിയ ഏരിയ ഇന്റൻസീവ് പ്രോഗ്രാമിന്റെ ഭാഗമായി ന്യൂനപക്ഷ വിഭാഗത്തിൽപെട്ട വിദ്യാഭ്യാസ പരമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ അനുവദിച്ച 42 സ്കൂളുകളിൽ ഒന്നാണ് ഈ വിദ്യാലയം. പരാധീനതകളിൽ നിന്നും പ്രയാണമാരംഭിച്ച വിദ്യാലയം ജനപ്രതിനിധികളുടേയും പൊതുജനങ്ങളുടേയും സഹായ സഹകരണങ്ങളാൽ ഇന്ന് ഈ പുരോഗതിയുടെ പാതയിലാണ്.

പ്രദേശത്തെ മുഴുവൻ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാക്കുക എന്നതാണ് ഈ വിദ്യാലയത്തിന്റെ ലക്ഷ്യം. ലക്ഷ്യസാക്ഷാൽക്കാരത്തിനായി അധ്യാപകരും രക്ഷാകർതൃസമിതിയും നാട്ടുകാരും ഒരുമയോടെ പ്രവർത്തിക്കുന്നു. സാധാരണക്കാരായ രക്ഷിതാക്കളുടെ കുട്ടികളാണ് ഈ വിദ്യാലയത്തിൽ പഠിക്കുന്നത്. ചില രക്ഷിതാക്കൾക്കെങ്കിലും വീട്ടിൽ നിന്നും കുട്ടികളെ സഹായിക്കാൻ കഴിയുന്നില്ല എന്നത് ഒരു പ്രശ്നമായി ഇന്നു നിലനിൽക്കുന്നു എങ്കിലും ഭൂരിഭാഗം രക്ഷിതാക്കളും കുട്ടികളുടെ പഠനത്തിൽ ജാഗ്രത പുലർത്തുന്നുണ്ട്.

കലാ-കായിക പ്രവൃത്തി പരിചയ മേളകളിൽ മികവുറ്റ പ്രകടനം കാഴ്ച വയ്ക്കാൻ വിദ്യാലയത്തിനു സാധിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ചുവടു പിടിച്ച് വിദ്യാലയ വികസന സമിതി രൂപീകരിക്കുകയും ചർച്ച ചെയ്ത് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്യുന്നു. അക്കാദമിക രംഗത്തും അക്കാദമികേതര രംഗത്തും മികച്ച വിദ്യാലയം എന്ന ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിലാണ് ഇന്ന് K.A.L.A.M.A.L.P സ്കൂൾ. അതിനുള്ള സമഗ്ര വിദ്യാഭ്യാസ പദ്ധതിയാണ് ഇവിടെ സമർപ്പിക്കുന്നത്.

## വായിക്കാം രചിക്കാം

### ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളേയും വായനാ ശീലമുള്ളവരാക്കുക.
- വായനാനുഭവങ്ങൾ വിവിധ രീതിയിൽ പ്രകടിപ്പിക്കുന്നതിന് അവസരം സൃഷ്ടിക്കൽ
- രചനാപരമായ കഴിവ് വളർത്തുക.
- സമൂഹപങ്കാളിത്തത്തോടെ സ്കൂൾ ലൈബ്രറി വികസിപ്പിക്കുക.

### പ്രവർത്തനങ്ങൾ

- ലൈബ്രറിയിലെ പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുക.
- പുസ്തകങ്ങളെ ക്ലാസ്സ് നിലവാരത്തിനനുസരിച്ച് തരംതിരിക്കുക.
- ഇനിയും ആവശ്യമുള്ള പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ.
- രക്ഷിതാക്കളുടെ സഹായത്താൽ വായനാ കാർഡുകൾ തയ്യാറാക്കൽ.
- വായനപ്പുര പ്രയോജനപ്പെടുത്തൽ
- അസംബ്ലിയിൽ പത്രവായന
- എല്ലാ ദിവസവും പത്ര ക്വിസ്
- അസംബ്ലിയിൽ പുസ്തക പരിചയം(അധ്യാപകർ, കുട്ടികൾ)
- മൂന്ന്, നാല് ക്ലാസ്സിലെ കുട്ടികളുടെ വായനാക്കുറിപ്പ് ഡയറിയിൽ
- എല്ലാദിവസവും എഴുത്തുകൂട്ടം
- എല്ലാ മാസവും സ്കൂൾ പത്രം
- എല്ലാ മാസവും ചുമർമാസിക(മൊട്ട്)

# ഇംഗ്ലീഷ് ഭാഷാശേഷി വികാസം

**ലക്ഷ്യങ്ങൾ :**

- നിർഭയമായും ഒഴുക്കോടെയും ഇംഗ്ലീഷ് വായിക്കാനും എഴുതാനും എല്ലാ കുട്ടികളേയും പ്രാപ്തരാക്കൽ.
- കുട്ടികളുടെ ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കൽ
- എല്ലാ കുട്ടികളേയും ഇംഗ്ലീഷിൽ ആശയവിനിമയം ചെയ്യുന്നതിന് പ്രാപ്തരാക്കൽ.

**പ്രവർത്തനങ്ങൾ :**

- ഇംഗ്ലീഷ് ഭാഷ സ്വായത്തമാക്കാൻ കഴിയുന്ന തരത്തിൽ വിദ്യാലയാന്തരീക്ഷം സജ്ജമാക്കൽ.
- വിദ്യാലയത്തിനകത്തുള്ള എല്ലാ സാധനങ്ങൾക്കും ഇംഗ്ലീഷ് ലാബൽ പതിക്കൽ.
- ഇംഗ്ലീഷിൽ നിർദ്ദേശങ്ങൾ എഴുതി ഒട്ടിക്കുക. (ടോയ്‌ലറ്റ്, ..... അടുക്കള.....)
- ചെടികൾ, മരങ്ങൾ, ഔഷധ സസ്യങ്ങൾ എന്നിവക്ക് ഇംഗ്ലീഷ് ലാബൽ പതിക്കുക.
- ഇംഗ്ലീഷ് വായന പ്രോത്സാഹിപ്പിക്കാനായി ഇംഗ്ലീഷ് പത്രം ലഭ്യമാക്കുന്നു.
- തെറ്റു കൂടാതെ ഒഴുക്കോടെ വായിക്കാനും എഴുതാനും എല്ലാ കുട്ടികളേയും സജ്ജമാക്കുന്നു.
- പാഠഭാഗത്തു നിന്നും ലഭിക്കുന്ന വാക്കുകൾ ഉപയോഗിച്ച് എല്ലാ കുട്ടിളേയും നിഘണ്ടു തയ്യാറാക്കുന്നു.
- പദാവലി വികാസവുമായി ബന്ധപ്പെട്ട ഭാഷാകേളികൾ.
- ഇംഗ്ലീഷ് വായനാകാർഡുകൾ.
- ഇംഗ്ലീഷ് ബാല പ്രസിദ്ധീകരണങ്ങൾ വായനാമൂലയിൽ ലഭ്യമാക്കുന്നു.
- ഇംഗ്ലീഷ് ചുമർ പത്രങ്ങൾ.
- എല്ലാ മാസവും ഇംഗ്ലീഷ്‌വായന, ലേഖന-മത്സരങ്ങൾ.
- എല്ലാ കുട്ടികളേയും 4-ാം ക്ലാസ്സ് പൂർത്തിയാകുന്നതോടെ ഇംഗ്ലീഷിൽ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുന്നു.
- കുട്ടികൾക്ക് ക്ലാസ്സിൽ ഇംഗ്ലീഷ് ആശയവിനിമയത്തിനു സാഹചര്യമൊരുക്കുന്നു.
- എല്ലാ വെള്ളിയാഴ്ചകളിലും കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ്സുകൾ.
- കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ്സിനായി പ്രത്യേക മൊഡ്യൂൾ തയ്യാറാക്കുന്നു.

# ശാസ്ത്രം

- ശാസ്ത്ര കാഴ്ചപ്പാട്/മനോഭാവം രൂപീകരിക്കൽ
- ശാസ്ത്രാവബോധം വളർത്തുന്നതിനുള്ള സാഹചര്യത്തിന്റെ കുറവ്.
- പ്രകൃതി സംരക്ഷണം-ശുചിത്വം എന്നീ മനോഭാവങ്ങളിലൂന്നിയുള്ള ചിന്തയില്ലായ്മ.
- പ്രകൃതി നിരീക്ഷണത്തിലെ കുറവ്.

**ലക്ഷ്യങ്ങൾ :**

- ശാസ്ത്രപഠനം ലളിതവും ആസ്വാദ്യകരവുമാക്കാൻ സ്കൂളിലൊരു ശാസ്ത്രലാബ് തയ്യാറാക്കൽ.
- കുട്ടികൾ പരീക്ഷണങ്ങൾ സ്വയം ചെയ്യാനുതകുന്ന രീതിയിൽ ശിൽപശാല സംഘടിപ്പിക്കൽ, ശാസ്ത്ര ക്യാമ്പുകൾ, നക്ഷത്ര നിരീക്ഷണം എന്നിവ സംഘടിപ്പിക്കൽ.
- പഠനയാത്രകൾ(തൊഴിൽശാലകൾ, വനങ്ങൾ, ഔഷധത്തോട്ടങ്ങൾ, ഫാമുകൾ...)
- ശാസ്ത്രബോധം വളർത്താനും താൽപര്യം ജനിപ്പിക്കാനുതകുന്ന വീഡിയോകളുടെ പ്രദർശനം.

**ശാസ്ത്ര പ്രദർശനങ്ങൾ :**

- വിവധ തരം മണ്ണുകൾ, ഔഷധ സസ്യങ്ങൾ വിവിധ തരം വിത്തുകൾ..... എന്നിയുടെ പ്രദർശനം

# ഗണിതം

- ദൈനംദിന ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മറ്റു വിഷയങ്ങളുടെ പഠനത്തെ സഹായിക്കാവുന്ന ഗണിതശേഷികൾ നേടുന്നതിനും കഴിവ് വളർത്തുക.
- ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുക.
- ഗണിതാശയങ്ങൾ വിശദീകരിക്കുന്നതിന് ഗണിതഭാഷ ഉപയോഗിക്കുവാൻ കഴിവുണ്ടാകുക.
- കൃത്യതയോടും സൂക്ഷ്മതയോടും കാര്യങ്ങൾ ചെയ്യുന്നതിന്.

## പ്രവർത്തനങ്ങൾ :

- പ്രീടെസ്റ്റ് നടത്തി ഗണിതത്തിലെ അടിസ്ഥാന ശേഷികൾ നേടാത്ത കുട്ടികളെ കണ്ടെത്തൽ.
- പരിഹാരബോധന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ.
- ഗണിത കഥ, പാട്ട് എന്നിവ ശേഖരിക്കൽ.
- ഗണിത രൂപങ്ങൾ നിർമ്മിക്കൽ.
- ഗണിതത്തിലെ കളികൾ നിർമ്മിക്കൽ
- വ്യത്യസ്ത അളവുകൾ പരിചയപ്പെടൽ
- പഠനോപകരണ നിർമ്മാണം.
- ഗണിതപഠനം വിവരസാങ്കേതിക വിദ്യയിലൂടെ.

# ഐടി അധിഷ്ഠിത പഠനം

# ക്ലാസ് റൂം ബോധനത്തിന് അനുയോജ്യമായ രീതിയിൽ ഐടി സങ്കേതങ്ങൾ പ്രയോജനപ്പെടുത്തുക.

# ഐടി അധിഷ്ഠിത പഠനം വഴി ഗണിതം,ഭാഷ,പരിസര പഠനം എന്നിവ അനുഭവവേദ്യമാക്കുക

# സ്വയം പഠനത്തിനും അന്വേഷണാത്മക പഠനത്തിലും അവസരമൊരുക്കുക.

# സാങ്കേതികവിദ്യകളുടെ ഗുണാത്മകമായ ഉപയോഗം കൈ കാര്യക്രമം എന്നിവ ചെറുപ്രായത്തിൽതന്നെ പരിശീലിക്കുക.

# സാങ്കേതിക വിദ്യയുടെ തെറ്റായ ഉപയോഗം ദോഷങ്ങൾ എന്നിവ കുട്ടികളെയും രക്ഷിതാക്കളെയും ബോധ്യപ്പെടുത്തുകയും തടയുകയും ചെയ്യുക.

## പ്രവർത്തനങ്ങൾ

# ക്ലാസ് റൂം IT അധിഷ്ഠിത പഠനത്തിന് സൗകര്യമൊരുക്കുക.

# Educational G-suite ഉപയോഗപ്പെടുത്തി ഗണിതത്തിൽ പ്രായോഗിക പരിശീലനം.

# E Cube ഉപയോഗപ്പെടുത്തി ഭാഷയിൽ പരിശീലനം

# ചരിത്രം ശാസ്ത്രപഠനം എന്നിവ ഐടി സങ്കേതങ്ങൾ ഉപയോഗിച്ചത് പഠിക്കുന്നതിന് ക്ലാസ്സ് റൂമിൽ അവസരം.

# മൊബൈൽ ഫോൺ കമ്പ്യൂട്ടർ എന്നിവ രക്ഷിതാക്കളുടെ സാന്നിധ്യത്തിൽ ഉപയോഗപ്പെടുത്തുന്നതിന് അവസരം.

# പരിശീലനം സാങ്കേതികവിദ്യയുടെ തെറ്റായ ഉപയോഗം ദോഷങ്ങൾ അപകടങ്ങൾ എന്നിവയെ സംബന്ധിച്ച് ബോധവൽക്കരണം കുട്ടികൾക്കും രക്ഷിതാക്കൾക്കും.

# അറബി ഭാഷാശേഷി വികാസം

പ്രശ്നം :

- അറബി ഒഴുക്കോടെ വായിക്കുവാനും എഴുതുവാനും സാധിക്കുന്നില്ല.
- അറബി പദസമ്പത്തിന്റെ കുറവ്
- അറബിയിൽ ആശയവിനിയമം നടത്താൻ സാധിക്കുന്നില്ല.

ലക്ഷ്യങ്ങൾ :

- എല്ലാ കുട്ടികളേയും അറബി എഴുതാനും വായിക്കാനും പ്രാപ്തരാക്കുക.
- അറബി പദസമ്പത്തിന്റെ വർദ്ധനവ്
- എല്ലാവരേയും ആശയവിനിമയം നടത്താൻ പ്രാപ്തരാക്കൽ

പ്രവർത്തനങ്ങൾ :

- അറബി ക്ലാസ്സുമായി ബന്ധപ്പെട്ട സാധന സാമഗ്രികൾ കഴിയുന്നതും ലേബൽ പതിക്കുക.
- നിർദ്ദേശങ്ങളും പോസ്റ്ററുകളും അറബിയിൽ എഴുതി ഒട്ടിക്കുക.
- മരങ്ങൾ, ചെടികൾ, സ്കൂളിലെ മറ്റു സാധനങ്ങളുടെ പേരുകൾ ഇവയെല്ലാം അറബിയിൽ പേരെഴുതി ഒട്ടിക്കുക.
- ഐ.സി.ടി. സാധ്യത കൂടുതലായി പ്രയോജനപ്പെടുത്തുക.
- അക്ഷരങ്ങളുടെ തുടക്കത്തിലും നടുവിലും ഒടുക്കത്തിലുമുള്ള 3 ഘട്ടങ്ങൾ( അകാരം, ഇകാരം, ഉകാരം ) ഇവയിൽ വരുന്ന മാറ്റങ്ങൾ മനസ്സിലാക്കാൻ കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്ത് അക്ഷരങ്ങൾക്ക് പ്രത്യേക കളർ നൽകി കാണിക്കുക.
- സംഭാഷണം, കാർട്ടൂൺ, കഥ, കവിത എന്നിവയുടെ പ്രൊജക്ടർ വഴി കുട്ടികളെ കാണിക്കുക.

### *നിത്യജീവിതത്തിലെ പ്രയോഗങ്ങൾ എഴുതികൊടുത്ത് മനഃപാഠമാക്കുക.*

1. സ്കൂൾ സാഹചര്യവുമായി ബന്ധപ്പെട്ട വാക്കുകൾ മനഃപാഠമാക്കി അവ അധ്യാപകൻ വിദ്യാർത്ഥികളോടുള്ള സംഭാഷണത്തിൽ പ്രയോഗിക്കുക.
2. വീട്ടിലെ സാഹചര്യവുമായി ബന്ധപ്പെട്ട വാക്കുകൾ മനഃപാഠമാക്കി അത് വീട്ടിൽ പ്രയോഗിക്കാൻ ആവശ്യപ്പെടുക.

### *ഒരു കുട്ടിക്ക് ഒരു ഡിക്ഷനറി പദ്ധതി*

1. ഒരു ദിവസം ഒരു വാക്ക് മനഃപാഠമാക്കുക. ശേഷം ആഴ്ചയിൽ ഈ വാക്കുകളുടെ ഒരു കേട്ടെഴുത്ത് നടത്തി വിജയികൾക്ക് സമ്മാനം നൽകുക.
2. ഡിക്ഷനറിയിൽ വാക്കുകൾ തിരയുന്നത് പരിശീലിപ്പിക്കുക.
3. സ്വന്തമായി ഒരു ഡിക്ഷനറി നിർമ്മിക്കുക.
4. ഭാഷാകേളികൾ, സർഗ്ഗമേളകൾ, ബാലസഭ, ആംഗ്യപ്പാട്ടുകൾ എന്നിവ അറബിയിൽ നടത്തുക.

### *ലൈബ്രറിയിൽ അറബി പുസ്തകങ്ങൾ ഉൾപ്പെടുത്തുക.*

1. അറബി മാഗസിൻ, പത്രം, സചിത്ര പുസ്തകങ്ങൾ എന്നിവ പരിചയപ്പെടാനുള്ള അവസരങ്ങൾ ചെറിയ കഥ, കവിത, പ്രസംഗം, വാർത്ത എന്നിവ മനഃപാഠമാക്കി അവയുടെ മത്സരങ്ങൾ, അറബിക് ഫെസ്റ്റ് എന്ന പേരിൽ നടത്തുക.

# ആരോഗ്യം/ഉച്ചഭക്ഷണം

പ്രശ്നം :

- മികച്ച പഠനത്തിന് വിഘാതം നിൽക്കുന്ന തരത്തിലുള്ള ആരോഗ്യപരമായ പിന്നോക്കാവസ്ഥ.

**ലക്ഷ്യങ്ങൾ :**

- ആരോഗ്യപരമായ ഭക്ഷണ ശീലങ്ങൾ കുട്ടികളിൽ വളർത്തിയെടുക്കുക.
- വ്യായാമശീലം വളർത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ(നീന്തൽ, സൈക്ലിംഗ്, കരാട്ടെ, ഫുട്ബോൾ) നടപ്പിൽ വരുത്തുക.
- കുട്ടികളിൽ ശുചിത്വശീലങ്ങൾ വളർത്തിയെടുക്കുക.

**പ്രവർത്തനങ്ങൾ :**

1. കുട്ടികളുടെ ശുചിത്വശീലങ്ങൾ ഫോർമാറ്റ് തയ്യാറാക്കൽ
2. സർവ്വേഫല വിശകലനവും റിപ്പോർട്ട് തയ്യാറാക്കലും.
3. ആരോഗ്യ ക്യാമ്പും ബോധവൽക്കരണവും
4. സ്കൂൾ ഉച്ചഭക്ഷണത്തിൽ ഇലക്കറികൾ, പയറുവർഗ്ഗങ്ങൾ എന്നിവ ആവശ്യമായ അളവിൽ ഉൾപ്പെടുത്തിക്കൊണ്ട് വൈവിധ്യമാർന്ന ഇനങ്ങൾ തയ്യാറാക്കുന്നു.

- കായികപരിശീനങ്ങൾക്ക് പ്രത്യേക അധ്യാപകൻ എസ്.എസ്.ജി. വഴി
- അസംബ്ലിയിൽ യോഗ, മാസ്, ഡ്രിൽസ് എന്നിവ നൽകൽ
- സൈക്ലിംഗ് പരിശീനം നൽകൽ
- മാസത്തിൽ രണ്ട് ഒഴിവു ദിനങ്ങളിൽ പെൺകുട്ടികൾക്ക് സൈക്ലിംഗ് പരിശീലനം നൽകൽ

1. സ്കൂളും പരിസരവും വൃത്തിയാക്കുന്ന ചുമതല അധ്യാപകരും കുട്ടികളും ചേർന്നു നടപ്പിലാക്കൽ.
2. ഓരോ ക്ലാസ്സിലും ശുചിത്വ ചാർട്ട് തൂക്കുകയും അത് അപ്ഡേറ്റ് ചെയ്യാനുള്ള ചുമതല കുട്ടികൾക്ക് തന്നെ നൽകുകയും ചെയ്യുന്നു.
3. സേവന വാരാചരണങ്ങൾ നടത്തുന്നു.

# വ്യക്തിത്വ വികാസം

**പ്രശ്നം :**

- കുട്ടികളുടെ വ്യക്തിത്വ വികസനത്തിനുള്ള വേദികളുടെ അപര്യാപ്തത.

**ലക്ഷ്യങ്ങൾ :**

- നേതൃത്വപാടവം ആർജിപ്പിച്ചെടുക്കൽ
- ഉത്തമ പൗരന്മാരാക്കൽ
- സഹജീവി മനോഭാവം വളർത്തിയെടുക്കൽ
- സേവന മനോഭാവം വളർത്തിയെടുക്കൽ
- കുട്ടികളുടെ വ്യക്തിത്വ വികാസത്തിനുള്ള വേദികൾ ഒരുക്കൽ.

**പ്രവർത്തനങ്ങൾ :**

1. കുട്ടികളെ പ്രത്യേക ഗ്രൂപ്പുകളായി തിരിക്കുകയും ദൈനംദിന ജോലികൾ നിർവഹിക്കാൻ ചുമതലപ്പെടുത്തുകയും ചെയ്യുക. ഓരോ അംഗത്തിനും ലീഡർമാരാകാനുള്ള അവസരം ഒരുക്കുക.(അച്ചടക്കം, ശുചിത്വം.....)
2. സഹായസംഘങ്ങൾ രൂപീകരിക്കുക. പാലിയേറ്റീവ്, കിഡ്നി വെൽഫയർ സൊസൈറ്റി, ഭവന നിർമ്മാണം തുടങ്ങിയ പദ്ധതികൾക്ക് സഹായസംഘങ്ങൾ രൂപീകരിക്കുകയും പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യുക.

**അസംബ്ലി :**

- സ്കൂൾ അസംബ്ലിയിൽ എല്ലാ കുട്ടികൾക്കും പത്രവായന, പ്രസംഗം, പുസ്തകപരിചയം തുടങ്ങി വ്യത്യസ്ത മാധ്യമങ്ങളിലൂടെ തന്റെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരം ഒരുക്കുക

**ക്യാമ്പ് :**

- സ്കൂളിൽ വ്യക്തിത്വ വികാസത്തിനുതകുന്ന തരത്തിലുള്ള ക്യാമ്പുകൾ(നാടൻ പാട്ടുകൾ, നാടൻ കളികൾ, നാടകക്കളരി തുടങ്ങിയവ).

**ബാലസമാജം :**

- മാസത്തിലൊരിക്കൽ സ്കൂൾതലത്തിലും ആഴ്ചയിലൊരിക്കൽ ക്ലാസ്തലത്തിലും ബാലസമാജം സംഘടിപ്പിക്കൽ.

**ക്ലബ്ബുകൾ :**

- സ്കൂളിൽ ശാസ്ത്രം, പരിസ്ഥിതി, ആരോഗ്യം, ഗണിതം, ഇംഗ്ലീഷ്, വിദ്യാരംഗം എന്നീ ക്ലബ്ബുകൾ രൂപീകരിക്കുകയും എല്ലാ കുട്ടികളും ഒരു ക്ലബ്ബിലെങ്കിലും അംഗത്വം നൽകുക. അധ്യാപകർ, വിദഗ്ധരായ എസ്.എസ്.ജി അംഗങ്ങളെ ഉൾപ്പെടുത്തി ഓരോ ക്ലബ്ബിനും ഉപദേശക സമിതി രൂപീകരിക്കുക, ക്ലബ്ബുകൾക്ക് വാർഷിക പ്രവർത്തന കലണ്ടർ രൂപീകരിക്കുക.
- എല്ലാ ക്ലബ്ബുകൾക്കും പ്രത്യേക വാർത്താബോർഡുകൾ സ്ഥാപിക്കുക.
- ക്ലബ്ബ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നോട്ടീസ്, പോസ്റ്റർ, ചുമർമാസിക, ചുമർപത്രങ്ങൾ കുട്ടികൾ തയ്യാറാക്കൽ.

**ദൈനംദിന പൊതുവിജ്ഞാന സദസ്സ് :**

- പ്രതിമാസ മത്സരങ്ങൾ(ക്വിസ്, പ്രസംഗം, രചനാമത്സരങ്ങൾ) ക്ലബ്ബ് പ്രവർത്തനങ്ങളുടെ പ്രചാരണത്തിനായി എസ്.എസ്.ജി, രക്ഷിതാക്കൾ എന്നിവരെ ഉൾപ്പെടുത്തി എഫ്.ബി, വാട്സ്ആപ് ഗ്രൂപ്പ് എന്നിവ രൂപീകരിക്കുക.

# നൈപുണി വികാസം

**പ്രശ്നം :**

- കുട്ടികളുടെ നൈപുണിക വികാസത്തിലുള്ള കുറവ്.

**ലക്ഷ്യങ്ങൾ :**

1. ഓരോ കുട്ടിയുടെയും പ്രത്യേക നൈപുണി മേഖലകൾ കണ്ടെത്തി പ്രത്യേകം പരിശീലനം നൽകുക.
2. പഠനത്തോടൊപ്പം തന്നെ വിവിധങ്ങളായ കൈത്തൊഴിലുകളിൽ പരിശീലനം.
3. പരിസര മലിനീകരണത്തിന് കാരണമായ പ്ലാസ്റ്റിക് പോലുള്ള വസ്തുക്കളുടെ ശാസ്ത്രീയ പുനരുപയോഗം.

**പ്രവർത്തനങ്ങൾ :**

- പ്രവൃത്തിപരിചയ പരിശീലന പരിപാടി സംഘടിപ്പിക്കൽ
- സ്കൂൾ ഫീഡിംഗ് ഏരിയയിൽ നിന്നു വിദഗ്ധരായവരുടെ പട്ടിക തയ്യാറാക്കുന്നു. ഇവരെ പങ്കെടുപ്പിച്ച് വിദ്യാലയത്തിൽ നിർമ്മാണ ശില്പശാലകൾ സംഘടിപ്പിക്കുന്നു. WE പിരീയഡുകൾ ഉപകാരപ്രദമാക്കുന്നു.